**കേരള സർക്കാർ**

**"ഭരണഭാഷ – മാതൃഭാഷ"**

**കേരള ഫിഷറീസ് വകുപ്പ് ഡയറക്ടറുടെ നടപടി ക്രമം,തിരുവനന്തപുരം.**

(ഹാജർ : ശ്രീമതി ചെൽസാസിനി.വി, ഐ.എ.എസ്)

വിഷയം : ഫിഷറീസ് –കേരള റിസർവോയർ ഫിഷറീസ് ഡെവലപ്പ്മെന്റ് പദ്ധതി (KRFDP) 2025 - 26 - തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. സ.ഉ (സാധാ) നം. 392/2024/മ.തു.വ തീയതി 12/07/2024
2. ഈ ഓഫീസിലെ 06/05/2025 ലെ ഇതേ നമ്പർ ഉത്തരവ്
3. ഈ ഓഫീസിലെ 12/12/2025 ലെ ഇതേ നമ്പർ ഉത്തരവ്
4. ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, ഇടുക്കിയുടെ 21/01/2026 തീയതിയിലെ ADIDK/84/2025-D നമ്പർ കത്ത്
5. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, മലമ്പുഴയുടെ 23/01/2026 തീയതിയിലെ DDFPKD/228/2025-C നമ്പർ കത്ത്
6. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂരിന്റെ 22/01/2026 തീയതിയിലെ DDFKNR/637/2025-G നമ്പർ കത്ത്
7. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂരിന്റെ 23/01/2026 തീയതിയിലെ DDFTSR/84/2024-C നമ്പർ കത്ത്
8. ഈ ഓഫീസിലെ 16-02-2026 തീയതിയിലെ DFTVM/1245/2025-C3 നമ്പർ ഉത്തരവ്

**ഉത്തരവ് നമ്പർ DFTVM/1245/2025-C3 തീയതി 17-06-2026**

"കേരള റിസർവോയർ ഫിഷറീസ് ഡെവലപ്മെന്റ് പ്രോജക്ട് (KRFDP)" 2025 - 26 എന്ന പദ്ധതിക്ക് സംസ്ഥാന ബജറ്റ് പ്രൊവിഷനിൽ നിന്ന് 2405-00-101-51-00-34-03 (പി) ശീർഷകത്തിൽ 100 ലക്ഷം രൂപയുടെ ഭരണാനുമതി സൂചന (2) പ്രകാരം നൽകിയിരുന്നു. റിസർവോയറിൽ നിന്നുള്ള ഉൽപ്പാദനം മെച്ചപ്പെടുത്തി മത്സ്യ ഉത്പ്പാദനം സുഗമമാക്കുന്നതിനും റിസർവോയറുകളിൽ ജലാശയത്തിന്റെ ഉൽപാദന സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനും ഉദ്ദേശിച്ച് സംസ്ഥാനത്തെ അഞ്ച് ജില്ലകളിലായി ആകെ 12 ജലസംഭരണികളിലും മത്സ്യ വിത്ത് നിക്ഷേപിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതിനും ആണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

"കേരള റിസർവോയർ ഫിഷറീസ് ഡെവലപ്മെന്റ് പ്രോജക്ട് (KRFDP)" 2025 - 26 എന്ന പദ്ധതിക്ക് സംസ്ഥാന ബജറ്റ് പ്രൊവിഷനിൽ നിന്ന് 2405-00-101-51-00-34-03 (പി) ശീർഷകത്തിൽ അനുവദിച്ചിരുന്ന 100 ലക്ഷം രൂപയിൽ നിന്ന് കഴിഞ്ഞ സാമ്പത്തിക വർഷം താഴെ പറയും പ്രകാരം 46,70,040/- രൂപ ( ആകെ നാൽപ്പത്തിയാറ് ലക്ഷത്തി എഴുപതിനായിരത്തി നാൽപ്പത് രൂപ മാത്രം ) ജില്ലകൾക്ക് അനുവദിച്ചു നല്കിയിരുന്നു.

| ക്രമ നമ്പർ | ജില്ല | അനുവദിക്കാവുന്ന തുക (ലക്ഷത്തിൽ) | ഇതുവരെ അനുവദിച്ച തുക |
|---|---|---|---|
| 1 | പത്തനംതിട്ട | 4.43 | 3,10,600 |
| 2 | ഇടുക്കി | 15.7 | 20,07,070 |
| 3 | തൃശ്ശൂർ | 58.25 | 10,00,000 |
| 4 | പാലക്കാട് | 13.74 | 7,00,000 |
| 5 | കണ്ണൂർ | 7.88 | 6,52,370 |
| | ആകെ | 100.00 | 46,70,040 |

മേൽ തുക അനുവദിച്ച ശേഷം ആകെ 53,29,960/- രൂപ 2405-00-101-51-00-34-03 (പി) ശീർഷകത്തിൽ ബാക്കി നിന്നിരുന്നു

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പദ്ധതിക്കായി തുക അനുവദിച്ചു നൽകണമെന്ന് പരാമർശം 4 - 7 പ്രകാരം ജില്ലകളിൽ നിന്നും ആവശ്യപ്പെട്ടതനുസരിച്ച് ആകെ 53,29,960/- രൂപ അനുവദിച്ചു നൽകി പരാമർശം (8) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ശീർഷകത്തിലെ സീലിങ് പരിധി ഉയർത്താത്ത സാഹചര്യത്തിൽ ജില്ലകൾക്ക് തുക അനുവദിക്കാൻ സാധിച്ചിട്ടില്ല. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് തുക അനുവദിക്കേണ്ടതുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ കേരള റിസർവോയർ ഫിഷറീസ് ഡെവലപ്പ്മെന്റ് 2025 - 26 പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷത്തിലെ 2405-00-101-51-00-34-03 (പി) എന്ന ശീർഷകത്തിൽ നിന്നും താഴെ പറയും പ്രകാരം **53,29,960/- രൂപ (ആകെ അൻപത്തി മൂന്നു ലക്ഷത്തി ഇരുപത്തി ഒൻപതിനായിരത്തി തൊള്ളായിരത്തി അറുപത് രൂപ മാത്രം)** അനുവദിച്ചു കൊണ്ടും മേൽ പരാമർശം (8) ഉത്തരവ് റദ്ദാക്കിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | ജില്ല | അനുവദിക്കാവുന്ന തുക (ലക്ഷത്തിൽ) | ഇതുവരെ അനുവദിച്ച തുക | നിലവിൽ അനുവദിക്കുന്ന തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | പത്തനംതിട്ട | 4.43 | 3,10,600 | ... |
| 2 | ഇടുക്കി | 15.7 | 20,07,070 | 8,92,160 (2024-25) |
| 3 | തൃശ്ശൂർ | 58.25 | 10,00,000 | 43,57,050 (2024-25) |
| 4 | പാലക്കാട് | 13.74 | 7,00,000 | 50,000 |
| 5 | കണ്ണൂർ | 7.88 | 6,52,370 | 30,750 |
| | ആകെ | 100.00 | 46,70,040 | **53,29,960** |

ജില്ലാ ഓഫീസർമാർ തുക കൃത്യമായി ചെലവഴിക്കേണ്ടതും ധനവിനിയോഗ സർട്ടിഫിക്കറ്റ് സമയബന്ധിതമായി സമർപ്പിക്കേണ്ടതുമാണ്. കൂടാതെ എല്ലാ മാസവും 5-ാം തീയതിക്ക് മുമ്പായി പ്രതിമാസ പുരോഗതി റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

CHELSASINI V IAS
DIRECTOR OF FISHERIES

സ്വീകർത്താവ് 1. ഇ സെക്ഷൻ - തുക അനുവദിക്കുന്നതിനായി

2. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ,
തൃശ്ശൂർ/ പാലക്കാട്/ കണ്ണൂർ

3. ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ
പത്തനംതിട്ട, ഇടുക്കി

പകർപ്പ് :

1. സീനിയർ ഫിനാൻസ് ഓഫീസർ
2. ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ഇൻലാന്റ്) ന്റെ സി.എയ്ക്ക്
3. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ (പി.എം.ഇ / ഇൻലാന്റ്)
4. ഡെപ്യൂട്ടി ഡയറക്ടർ, സ്റ്റാറ്റിസ്റ്റിക്സ്
5. ഓഫീസ് പകർപ്പ്/കരുതൽ ശേഖരം